# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2673** **14.12.2015 – ൽ** മറുപടിക്ക്

### കോഴിക്കോട് പള്ളിമലക്കുന്നിലെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | ശ്രീ.പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് നഗരത്തിൽ കുടിവെള്ളക്ഷാമം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന പള്ളിമലക്കുന്നിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ വിതരണ ശൃംഖലയുടെ ഒന്നാം ഘട്ടമാണ് ഇപ്പോൾ കോഴിക്കോട് നടപ്പാക്കി വരുന്നത്. ഇതിൽ പള്ളിമലക്കുന്ന് ഭാഗികമായി (താഴ്ന്ന പ്രദേശങ്ങൾ) ഉൾപ്പെട്ടിട്ടുണ്ട്. ബാക്കി ഉയർന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തിയിരുന്ന രണ്ടാം ഘട്ടത്തിന്റെ അനുമതി ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ജൈക്കയുടെ ധനസഹായം ലഭ്യമായില്ല. |
| (ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടേക്ക് അടിയന്തിരമായി കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) കോഴിക്കോട് കോർപ്പറേഷനിലേക്ക് ജലവിതരണം നടത്താനായി ജപ്പാൻ സഹായത്തോടെ വിഭാവനം ചെയ്ത പദ്ധതിയിൽ സ്ഥാപിച്ച എരവത്ത്കുന്ന് ടാങ്കിൽ നിന്നും പള്ളിമലക്കുന്ന് ചേവൻകോട്കുന്ന് എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ജല വിതരണം നടത്തുന്നതിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ